# O.L.F.G.H.S.MATHILAKAM




## ACADEMIC MASTER PLAN

## 2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

2025- 26 അധ്യയന വർഷത്തെ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ഈ വർഷത്തെ സ്കൂൾ എസ് ആർ ജി മീറ്റിങ്ങിൽ വച്ച് ഹെഡ്മിസ്ട്രസ്സ് റവ. സി. ഡെന്ന CSST യുടെ അധ്യക്ഷതയിൽ വച്ച് നടന്ന സംഘ ചർച്ചയിൽ രൂപീകരിച്ചു.കഴിഞ്ഞവർഷത്തെ മാസ്റ്റർ പ്ലാൻ അവലോകനം നടത്തിയതിനുശേഷം വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് നിശ്ചിത ഫോർമാറ്റിൽ ഈ വർഷത്തെ പദ്ധതിയുടെ കരട് രൂപം മെച്ചപ്പെടുത്തി എഴുതി. ഗ്രൂപ്പുകൾ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പൊതുവായി അവതരിപ്പിച്ചു. ഓരോ അവതരണത്തിന് ശേഷവും ചർച്ച ചെയ്തു കൂട്ടിച്ചേർക്കൽ നടത്തി സമ്പുഷ്ടമാക്കി. ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികളെ CWSN കുട്ടികൾക്ക് കൂടി പ്രത്യേക പരിഗണന നൽകുന്ന വിധത്തിൽ തരം തിരിച്ചു.
അനുദിനംവളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതികവിദ്യയ്ക്കനുസരിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - കർമ്മ പദ്ധതി
# 2025 - 26

**ലക്ഷ്യം** :- U P വിഭാഗത്തിൽ തന്നെ കുട്ടികൾക്ക് എഴുതാനും, വായിക്കാനും , പട്ടിക സ്വായത്തമാക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക. നൂറു ശതമാനത്തോടൊപ്പം A+ കളുടെ എണ്ണം വർദ്ധിപ്പിക്കുക.

**പ്രശ്നം** :- ഗണിതം , കെമിസ്ട്രി , ഫിസിക്സ് എന്നീ വിഷയങ്ങൾക്ക് കൂടുതൽ കുട്ടികൾക്ക് A+ ലഭിക്കുന്നില്ല. കുട്ടികളിൽ വായന കുറയുന്നു. മലയാളം, ഹിന്ദി എന്നീ ഭാഷകൾ വായിക്കാൻ ചില കുട്ടികൾക്ക് കഴിയുന്നില്ല.

## പ്രവർത്തനങ്ങൾ

1. അധ്യയന വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് ഒരു മോട്ടിവേഷൻ ക്ലാസ് നൽകി മാനസികമായി ഒരുക്കുന്നു

2. ഓരോ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി പ്രശ്ന മേഖലകൾ തിരിച്ചറിയുന്നു

3. കുട്ടികളിൽ വായനാശീലം വളർത്താൻ പലവിധ പ്രവർത്തനങ്ങൾ നൽകുന്നു.

4. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പാഠഭാഗങ്ങൾ വിഭജിച്ചു നൽകുന്നു. ഒഴിവുസമയങ്ങൾ കുട്ടികൾ തന്നെ പാഠഭാഗം ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു. മനസ്സിലാകാത്ത ഭാഗങ്ങൾ അധ്യാപികയുടെ സഹായത്തോടെ കൂടുതൽ വ്യക്തത വരുത്തുന്നു.

5. ഒന്നിടവിട്ട മാസങ്ങളിൽ CPTA വിളിച്ചുകൂട്ടി കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു . കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി മാതാപിതാക്കളുമായി ചർച്ച ചെയ്തു വേണ്ട പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു .

6. നവംബർ അവസാനത്തോടെ പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർത്ത് കുട്ടികളുടെ പഠനനിലവാരത്തിനനുസരിച്ച് കൂടുതൽ പഠന പ്രവർത്തനങ്ങൾ നൽകുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നു . ഈ ലക്ഷ്യം മുന്നിൽകണ്ട് അധ്യയന വർഷാരംഭം

മുതൽ തന്നെ മോണിംഗ് ,ഈവനിംഗ്, സാറ്റർഡേ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

7. Second Term പരീക്ഷയുടെ മാർക്ക് വിലയിരുത്തി കുട്ടികളുടെ പഠനനിലവാരമ നുസരിച്ച് തിരിച്ച് പ്രത്യേകം പരിശീലനം നൽകുന്നു. നിലവാരം കൃത്യമായി മോണിറ്ററിങ് ചെയ്തു അതിനനുസരിച്ച് പഠനപ്രക്രിയയിൽ മാറ്റം വരുത്തുന്നു .

8. മോട്ടിവേഷൻ ക്ലാസുകൾ നൽകി SSLC പരീക്ഷയെ അഭിമുഖീകരിക്കുവാനുള്ള ആത്മവിശ്വാസം കുട്ടികളിൽ വർദ്ധിപ്പിക്കുന്നു.

കാലം:- ജൂൺ മുതൽ മാർച്ച് വരെ

ചുമതല:- എല്ലാ അധ്യാപകരും

പാഠ്യാനുബന്ധപ്രവർത്തനങ്ങൾ

* ലാബ് പ്രവർത്തനങ്ങൾ വിവിധ വിഷയങ്ങളിൽ ഉൾപ്പെടുത്തുകയും കുട്ടികൾക്ക് പരീക്ഷണ നിരീക്ഷണങ്ങൾക്ക് സാധ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

* ദിനാചരണങ്ങൾ വിവിധ വിഷയങ്ങളിലെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു. കുട്ടികളുടെ അഭിരുചിക്ക നുസരിച്ച് അവസരം നൽകുന്ന വിധത്തിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

*കലാകായിക മേഖലകൾ ഉൾപ്പെടുത്തി കുട്ടികളുടെ സർഗ്ഗവാസനകൾക്കും, അഭിരുചികൾക്കും അവസരം നൽകാൻ ശ്രമിക്കുന്നു.

*മാതൃഭാഷയിലെ അടിസ്ഥാനശേഷി ഉറപ്പുവരുത്തുകയും ഇംഗ്ലീഷ് , ഹിന്ദി , അറബിക് ഭാഷാ നൈപുണ്യം കൈവരിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

*ജൈവവൈവിധ്യ ഉദ്യാനം,  കൃഷി, പ്രകൃതി എന്നിവയുമായി നേരിട്ട് ബന്ധപ്പെടുത്തി ഓരോ ക്ലാസിലെയും പഠന നേട്ടം കൈവരിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

*സ്വയം ,  മൂല്യനിർണയ രേഖപ്പെടുത്തലിനുമുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.

*PTA,MPTA അംഗങ്ങളുടെ സഹകരണത്തോടെയുള്ള മോണിറ്ററിംഗ് സംവിധാന സാധ്യത ഉൾപ്പെടുത്തിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് തലം - UP Malayalam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ ഭാഷയുടെ അടിസ്ഥാന ശേഷി വികസനം-ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കാളെ പ്രാപ്തരാക്കുക.<br>❖ പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ❖ എൻെറ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ,കവിത,യത്രാനുഭവം, അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു.)<br>❖ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി,ആസ്വാദനം എന്നിവ വളർത്തുന്നു.ചി□ ങ്ങളും ഉൾപ്പെട്ട കാർഡുകളും ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം,വായന പിന്നോക്കാർക്ക്<br><br>ഹൃദയത്തിൻെറ ഭാഷ – പാത്തുമ്മയുടെ ആട് തായ്മൊഴിപ്പീലികൾ – മാതൃഭാഷയുടെ പ്രാധാന്യം | ജൂൺ | മലയാളം അധ്യാപകർ | മാനേജ്മെൻറ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ സാഹിത്യകൃതികളോടും സഹിത്യകാരന്മാരോടുമുള്ള അനുകുല മാനോഭാവം വളർത്തുക വഴി പഠിതാക്കാളുടെ സർഗശേഷി വളർത്തൽ | ❖ പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വയിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>❖ പാഠഭാഗവുമായി ബന്ധപ്പെട്ടതും ലൈബ്രറി പുസ്തകങ്ങളിൽനിന്നും നവമാധ്യമങ്ങളുടെ സഹായത്താൽ സഹിത്യകൃതികൾ വായിക്കുകയും സ്ക്കൂൾ അസംബ്ലിയിലും പ്രധാന ദിനാചണങ്ങളിലും പുസ്തകാവതരണത്തിന് (ആസ്വാദനക്കുറിപ്പ്, വായനക്കുറിപ്പ്) അവസരമൊരുക്കുന്നു.<br>❖ സാഹിത്യരൂപങ്ങളിലൂടെ(കഥ,കവിത,ലേഖനം.....) കുട്ടികളുടെ സ്വാതന്ത്ര ചിന്തയ്ക്ക് വഴിയൊരുക്കുന്നു. കൊയക്കട്ട- നാട്ടുരുചിപതിപ്പ് കോയയുടെ ചെറിയ വസ്തുക്കൾ -കഥയരങ്ങ് | ജൂലൈ, ആഗസ്റ്റ് | മലയാളം അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ പഠിതാക്കാളുടെ കാലവാസനയെ പരിപോഷിപ്പിക്കൽ | ❖ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ,ലഘുനാടകങ്ങൾ തുടങ്ങിയവ സ്ക്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽക്കുന്നു.വിദ്ഗധരായ നാടക കലാകാരന്മാരേയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപശാലകൾ നടത്തുന്നു.<br>ചട്ടിപ്പത്തിരി – മാറുന്നഅടുക്കള(അഭിനയം) നാടകാവതരണം. | സെപ്ഷംബർ, ഒക്ടോബർ, നവംബർ | മലയാളം അധ്യാപകർ | മാനേജ്മെൻറ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ❖ സാഹിത്യകൃതികളിലൂടെ ആവിഷ്കരിക്കപ്പെട്ട വൈവിധ്യമാർന്ന വായന അനുഭവങ്ങൾ സ്വാംശീകരിച്ച് വ്യാഖ്യാനിക്കുകയും. വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക. | ❖ യാത്രാനുഭവം തയ്യാറാക്കൽ (Vlog)<br>❖ പക്ഷികളുടെ ലോകം –ശന്തനുവിൻെറ പക്ഷികൾ (പക്ഷിനിരീക്ഷണം) | ഡിസംബർ, ജനുവരി, ഫെബ്രുവരി | മലയാളം അധ്യാപകർ | PTA, |

English Master plan – UP section

| Aim | Activities | Month | Resources |
|---|---|---|---|
| To encourage listening and speaking | Interactive listening Discussions about characters and plots to enhance listening skills | June | English Club |
| To introduce different genres (fiction, non-fiction, poetry). Enhance vocabulary. Enhance literary skills. | Group discussion and role play to improve speaking skills. Vocabulary games and exercises to build word knowledge. | | |
| To encourage reading. Develop basic reading, writing, listening, and speaking skills. | Interactive Reading circles | July | |
| | Divide students into small groups and provide them with age-appropriate texts such as Short Stories or excerpt from novels. | | |
| Cultivate effective communication skills for rich contents. | Each group reads the assigned text together and discusses key elements like plot, characters and themes. | | |
| Encourage students in to develop reading about and derive ideas into presentations and belongs to the text. | Guided reading session with comprehension questions. Listening comprehension exercises using audio. Brainstorm. | | |
| To develop writing skills. Improve sentence structure. Introduce grammatical concepts such as parts of speech to foster critical thinking. | Debates and presentations for project-based speaking practice. Expanding vocabulary with Context clues from passage. Practice and research on grammatical concepts. | August, September | English Teachers, English Club |
| To develop basic grammar skills. | Practice on different parts of speech, tenses, and sentence structure. Creative writing works like descriptive compositions, short stories, and short poetry. | October November | |

| | | | |
|---|---|---|---|
| Focus on discourse skills. Use punctuation and grammar. | Focus on developing proper and correct usage. Practice effective writing techniques and appropriate punctuation. | December | |
| Expand vocabulary through reading and interactive activities. | Preparing and delivering speeches, listening to and analyzing different media genres. | January, February | |

| English Master plan – UP section | Interactive grammar games. Learning with examples and | | |
|---|---|---|---|
| Aim | | Month | |
| For example, play word association games, charades or vocabulary bingo to practice new words and concepts. | | | |
| Language games, puzzles, and Activities | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# UP Hindi Master Plan 2025-2026

| Program | Activities | Timeline | Resources/Materials | Support |
|---|---|---|---|---|
| Enhance the ability of all children in 'UP class' to understand letters, words, or meanings. | - Letter writing<br>- Letter recognition activity<br>- Letter cards<br>- Letter field<br>- Language field<br>- Reading cards<br>- Creation of word walls | June to August | - Letter chart<br>- Textbook<br>- Alphabet chart | BRC, DIET, SCERT, Resource Teachers |
| Identify household items and tell their names in Hindi. | - Prepare a list of household items<br>- Use ICT to know about items and materials<br>- Ensure participation of CWSN children too | September to November | Creation of Hindi vocabulary | PTA, BRC, Resource Teachers |
| Enhance the ability to express meanings in daily routine through Hindi Assembly. | - Hindi Assembly presentation from September 14 to January 10<br>- Use library<br>- Provide opportunities to develop creative writing<br>- Create reading materials<br>- Story writing<br>- Hindi class stories<br>- Read aloud stories<br>- Poster making | November to February | Books | BRC, DIET, PTA, SCERT |

| മേഖല : യു.പി സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിച്ച് മത്സര പരീക്ഷകളിൽ മികവ് പുലർത്താൻ | പൊതുവിജ്ഞാന മികവ് പൊതുവിജ്ഞാനം സംബന്ധിയായ വാർത്തകൾ അറിയുന്നതിനായി ദിനപത്രങ്ങൾ എല്ലാ ക്ലാസ്സുകളിലും വിതരണം ചെയ്യുകയും അതുമായി ബന്ധപ്പെട്ട സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വാർത്തകൾ വിശകലനം ചെയ്യുന്നു പൊതുവിജ്ഞാനം കുട്ടികളിൽ വളർത്തുന്നു | ദിവസം തോറും | സോഷ്യൽ സയൻസ് ക്ലബ്ബ് സാമൂഹ്യശാസ്ത്രം അധ്യാപകർ | PTA |
| പൊതുവിജ്ഞാന മികവ് നേടുന്നതിന് | വിജയ് വീഥി സ്കൂൾ അസംബ്ലിയിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു പ്രഭാഷണം ഓരോ ദിനത്തിന്റെയും പ്രത്യേകത അസംബ്ലിയിൽ അവതരിപ്പിക്കുന്നു, ഓരോ | ആഴ്ചയിൽ ഒരു ദിവസം | സോഷ്യൽ സയൻസ് ക്ലബ്ബ് സാമൂഹ്യശാസ്ത്രം അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ദിവസത്തിന്റെയും പ്രത്യേകതകൾ അനുസരിച്ച് അതുമായി ബന്ധപ്പെട്ട സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് സംഘടിപ്പിക്കുന്നു | | | |
| സാമൂഹ്യശാസ്ത്ര സംബന്ധമായ ആശയങ്ങളെ കുറിച്ച് മനസ്സിലാക്കൽ | **സാമൂഹ്യശാസ്ത്ര കോർണർ** അധിക വായനക്ക് ഉപകരിക്കുന്ന വാർത്താശകലങ്ങൾ പുസ്തകങ്ങൾ ചിത്രങ്ങൾ ഇവ ക്രമീകരിച്ച് ഓരോ ക്ലാസിലെ ഓരോ ക്ലാസിലും ലൈബ്രറികൾ ഒരുക്കുന്നു | മാസംതോറും | സോഷ്യൽ സയൻസ് ക്ലബ് | സോഷ്യൽ സയൻസ് ക്ലബ് |
| സാമൂഹ്യശാസ്ത്ര അറിവുകൾ പുതുക്കൽ | **ബുള്ളറ്റിങ് ബോർഡ് പ്രവർത്തനം** ബുള്ളറ്റിംഗ് ബോർഡിൽ ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നു | മാസംതോറും | സോഷ്യൽ സയൻസ് ക്ലബ് | സോഷ്യൽ സയൻസ് ക്ലബ് |
| പ്രസക്തി തിരിച്ചറിയൽ ശേഷി വികസനം | ദിനാചരണങ്ങൾ അക്കാദമി വർഷത്തിൽ ബന്ധപ്പെട്ട ദിനാചരണങ്ങളുടെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു സംഘടിപ്പിക്കുന്നു | മാസംതോറും | സാമൂഹ്യശാസ്ത്രം അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ടതോ ആനുകാലികമോ ആയ വിഷയങ്ങളെ കുറിച്ച് ആഴത്തിൽ അറിയുന്നതിന് | **സെമിനാർ സംവാദം** സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സംവാദം സെമിനാർ ചാനൽ ചർച്ച അഭിമുഖം പ്രഭാഷണം ഇവ സംഘടിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | സോഷ്യൽ സയൻസ് ക്ലബ് |
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കൽ | **സോഷ്യൽ സയൻസ് ലാബ്** വിദ്യാലയത്തിലെ ഒരു മുറിയിൽ സോഷ്യൽ സയൻസ് ലാബ് ക്രമീകരിക്കൽ | ഒരു വർഷം | സോഷ്യൽ സയൻസ് ക്ലബ് സാമൂഹ്യശാസ്ത്രം അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കൽ | **പഠനയാത്രകൾ** സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ് സാമൂഹ്യശാസ്ത്രം അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 യു.പി. സയൻസ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്,ഔഷധത്തോട്ടം, പച്ചക്കറി തോട്ടം , മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക്. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ എനർജി ക്ലബ്ബ് | പി ടി എ |
| | | **<u>പരീക്ഷണക്കളരി</u>**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ , കാവുകൾ സന്ദർശനം , പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ഹെൽത്ത് ക്ലബ്ബ് , സയൻസ് അധ്യാപകർ , എനർജി ക്ലബ്ബ് | രക്ഷിതാക്കൾ |
| | | **<u>കണ്ടറിയാനൊരു യാത്ര</u>**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| 2 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി | ICT യുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ സയൻസ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | പ്രയോജനപ്പെടുത്തുക | **<u>ശാസ്ത്ര വിസ്മയ ചുമർ</u>**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br><br>**<u>മുഖാമുഖം</u>**<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br><br>**<u>യുറേക്കാ</u>**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ | പി ടി എ സയൻസ് ക്ലബ്ബ് |
| 3 | ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **<u>എക്സ്പോ എക്സ്പ്ലോർ</u>**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ സയൻസ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## UP- MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുക | ചതുഷ്ക്രിയകൾ ചെയ്യാൻ ബുദ്ധിമുട്ടുള്ളവരെ pretest നടത്തി കണ്ടെത്തുന്നു .അവർക്ക് പ്രത്യേകം പരിശീലനം നൽകുന്നു . | JUNE | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും . | ഗണിത ക്ലബ് രൂപീകരിക്കുന്നു .ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ STILL MODEL ഉണ്ടാക്കാനുള്ള മത്സരങ്ങൾ നടത്തുന്നു.അവയുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു . | JULY | ഗണിത അധ്യാപകർ | |
| ഗണിത പഠനം ലളിതമാക്കൽ | കുട്ടികൾ തന്നെ സ്കൂളിൽ ഗണിതലാബ് സജ്ജമാക്കുന്നു .അധ്യാപകരുടെ സഹായത്തോടെ ലാബിലേക് ആവശ്യമായവ നിർമ്മിക്കുന്നു.അവ ഗണിതപഠനത്തിനായി ഉപയാഗപ്പെടുത്തുന്നു | ONCE IN A MONTH | ഗണിത അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## UP- MATHS

| | | | | |
|---|---|---|---|---|
| ഐസിടി സാദ്ധ്യതകൾ ഗണിതപഠനത്തിനായി ഉപയാഗപ്പെടുത്തുന്നു. | GEOGEBRA പോലുള്ള ICT സാദ്ധ്യതകൾ ഗണിതപഠനത്തിനായി ഉപയോഗപ്പെടുത്തി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു . | ONCE IN A MONTH | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് കൂടുതൽ മുന്നേറാൻ അവസരമൊരുക്കുന്നു. | ദേശിയ ഗണിതശാസ്ത്രദിനത്തോടനുബന്ധിച്ചു ഗണിത ക്വിസ് ,സെമിനാർ എന്നീ മത്സരങ്ങൾ നടത്തുന്നു. | DECEMBER | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലെത്തിക്കുന്നു . | ഗണിത ക്ലിനിക് രൂപീകരിക്കുന്നു.ക്ലാസ്സിലെ കണക്കിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട പ്രവർത്തനങ്ങളും കൈത്താങ്ങും നൽകുന്നു. | ONCE IN A WEEK | ഗണിത അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
# ആരോഗ്യ കായിക വിദ്യാഭ്യാസം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക | 1) രാവിലെ 8am to 9.30 am വരെ പരിശീലനം Kho-Kho<br>2) വൈകുന്നേരം 4 pm to 5.30 pm വരെ വോളിബോൾ പരിശീലനം<br>3) പി ഇ പിരീഡിൽ Zumba, എയ്റോബിക് യോഗ എന്നിവയുടെ പരിശീലനം ആഴ്ചയിൽ ഒരു ദിവസം<br>4) പ്രഥമ ശുശ്രൂഷ റോഡ് സുരക്ഷ എന്നിവയുടെ പരിശീലന ക്ലാസ്<br>5) ജനുവരി 21 യോഗ ദിനം മ്യൂസിക് ദിനത്തോട് അനുബന്ധിച്ച് യോഗ അസംബ്ലിയിൽ കുട്ടികൾ അവതരിപ്പിക്കുന്നു | ദീർഘകാലം<br><br>ആദ്യഘട്ടം | | PTA |
| 2 | ആരോഗ്യ കായിക ഉന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനത് പ്രവർത്തനങ്ങൾ | 1) സ്കൂൾ കായികവേദി രൂപീകരണം വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക സ്പോർട്സ് ഡേ കബഡി കരാത്ത ബോക്സിങ് ബാഡ്മിൻറൺ എന്നിവയുടെ പരിശീലനവും മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കൽ | രണ്ടാം ഘട്ടം | | Management |
| 3 | ഉപജില്ല ജില്ലാ സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കൽ | തെരഞ്ഞെടുക്കപ്പെട്ടവർക്ക് രാവിലെയും വൈകുന്നേരവും അവധി ദിവസങ്ങളിലും പ്രത്യേക പരിശീലനം ( അത്‌ലറ്റിക്സ് ഗെയിംസ്) | | | PTA |
| 4 | പെൺകുട്ടികളെ സത്യീകരിക്കലും ആത്മവിശ്വാസം വളർത്തലും | മാർഷൽ ആർട്സ് പരിശീലനവും സ്ത്രീസുരക്ഷയെ കുറിച്ച് അവബോധം സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം പദ്ധതികൾ എന്നിവയുടെ അവബോധം നൽകുക | | | Management |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
# കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടെ കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് | കുട്ടികൾക്ക് കലാപരമായ പരിശീലനം നൽകുന്നു | ആദ്യഘട്ടം | ചിത്രകല അധ്യാപകൻ | പിടിഎ മാനേജ്മെൻറ് |
| | പെൻസിൽ ഡ്രോയിങ് വാട്ടർ കളർ ക്ലേ മോഡലിംഗ് ഓയിൽ കളർ തുടങ്ങിയവ മത്സരത്തിനു വേണ്ടിയുള്ള പരിശീലനം നടത്തുന്നു | രണ്ടാം ഘട്ടം | ചിത്രകല അധ്യാപകൻ | പിടിഎ മാനേജ്മെൻറ് |
| | ഔട്ട് ഡോർ വർക്കുകൾ കുട്ടികൾക്ക് വേണ്ടി നടത്തുന്നു. പ്രകൃതി നിരീക്ഷണം നടത്തി ചിത്രങ്ങൾ വരക്കുന്നു | മൂന്നാം ഘട്ടം | ചിത്രകല അധ്യാപകൻ | പിടിഎ മാനേജ്മെൻറ് |

| അക്കാദമിക മാസ്റ്റർ പ്ലാൻ HS മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായസകരമയി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ | 1.അക്ഷരം ഉറപ്പിക്കൽ<br>2. ചി□ ം<br>3.പദനിർമ്മാണം<br>4.വാക്യനിർമ്മാണം<br>5.ഭാഷാപരമയി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം | 3 മാസം<br>ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>ഒരൂ വർഷം | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | PTA |
| 2. വായനാശീലം വളർത്തൽ | 1.വായനാക്ലബ്ബ് രൂപീകർണം<br>2.ക്ലാസ് ലൈബ്രറി നവീകരണം<br>3.സ്ക്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>4.ഓരോ ക്ലാസ്സിൻെറയും നിലവാരമനുസരിച്ച് പുസ്തകം ലാഭ്യമാക്കൽ<br>5.ജന്മദിനത്തിന് സ്ക്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം | ഒരൂ വർഷം<br>”<br>”<br>”<br>”<br>” | മലയാളം അധ്യാപകർ, ലൈബ്രേറിയൻ | PTA, മാനേജ്മെൻറ് |
| 3. പത്രവായന പരിപോഷിപ്പിക്കൽ | 1.പത്രങ്ങൾ സ്പോൺസർഷിപ്പിൽ ലഭ്യമാക്കൽ<br>2.ഓരോ ക്ലാസിനും പത്രം<br>3.അസംബ്ലിയിൽ പ്രധാന പത്രവാർത്തകളുടെ അവതരണം | ഒരൂ വർഷം<br>ദിവസേന<br>” | മലയാളം അധ്യാപകർ,ക്ലാസ് ടീച്ചർ | PTA, മാനേജ്മെൻറ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4.സർഗശേഷി വികസനം | ➢ പുസ്തകപരിചയം<br>➢ പുസ്തകാസ്വാദനം<br>➢ സാഹിത്യക്വിസ്സ്<br>➢ രചനാശിൽപശാല<br>➢ കവിതാലാപനം<br>➢ പുസ്തകപ്രദർശനം | ആഴ്ച്ചയിൽ<br>"<br>വർഷത്തിൽ<br><br>"<br>"<br>" | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | PTA, മാനേജ്മെൻറ് |
| | | | | |

# Academic Master Plan – English

Theme of the Year: "Explore, Express, Excel"

| Month | Activities | Focus Skill/Outcome | Responsibility | Monitoring |
|---|---|---|---|---|
| June | Spoken English Week, Ice-Breaker Games, English Pledge, Language Tree Setup | Speaking, Vocabulary | English Club, SRG | HMs, English HOD |
| July | Story Time Circle, Read Aloud Contest, Word Wall Launch | Listening, Pronunciation, Comprehension | Class Teachers | SRG |
| August | Role Play Parade, Freedom Speech Fest, Patriotic Poem Recital | Expression, Public Speaking | Students, English Club | PTA, SRG |
| September | Cinema Script Fest – Write and enact short films; English Assembly | Scriptwriting, Teamwork | SRG, Film Club | SRG, English Panel |
| October | Spelling Bee, Grammar Hunt Game, English Lab Activities | Grammar, Accuracy, Speed | English Teachers | Principal |
| November | Book Review Podcast, Reading Challenge, Launch | Reading, Critical Thinking, Writing | Library, English Dept | SRG |

| | | | | |
|---|---|---|---|---|
| | Magazine | | | |
| December | English Fest, Skit Fest, Cultural Exchange with Native Speakers (virtual) | Performance, Culture Appreciation | PTA, Teachers | Principal, SRG |
| January | Debate Duel, Blog Writing Contest | Argument, Perspective, Writing Skills | English Club, SRG | HMs |
| February | Poetry Slam, Creative Writing Wall, Inter-school Literary Meet | Creativity, Self-expression | All English Teachers | DIET, SRG |
| March | Annual English Exhibition – "English Through the Lens of Life" | Integration of All Skills | Entire School | DEO Visit Expected |

## Highlights of the Plan

- English Buddies Program – Pairing stronger speakers with shy learners.
- English Tree – Students write new words every week on leaves.
- Language Passport – Earn stamps for completing language tasks.
- Monthly Reflection Diary – Helps students express feelings in English.
- Visual Story Corner – A wall showcasing comic strips and image stories.

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
# സാമൂഹ്യ ശാസ്ത്രം - HS

| ലക്ഷ്യം | പ്രശ്നം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണത്തിലൂടെ ചരിത്രത്തെ അറിയാനും കുട്ടികളിൽ ഉത്തമ പൗന്മാരാക്കി വാർത്തിരിക്കുന്നതിന് പത്രവാർത്ത വായന പ്രോത്സാഹിപ്പിക്കുന്നു. | ചരിത്ര പുസ്തകം വായിക്കാനുള്ള താല്പര്യ കുറവ്. പത്രവായനയുടെ അഭാവം | സ്കൂൾ ലൈബ്രറിയിലൂടെ മഹാൻമാരുടെ ജീവിതകഥ , ദിനപത്രം വായിക്കുന്നു.ക്വിസ് നടത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | SS club |
| 2.സാമൂഹ്യശാസ്ത്ര പഠനം ലളിതമാക്കാൻ ടൈംലൈൻ നിർമ്മാണം. | ചരിത്രപരമായ വർഷങ്ങൾ ഓർത്തിരിക്കാൻ ഉള്ള ബുദ്ധിമുട്ട് . | ചരിത്രപരമായ സംഭവങ്ങൾ ടൈംലൈൻ ആക്കി അവതരണം നടത്തുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3.മതേതരത്വം, സഹിഷ്ണുത വളർത്തുന്നതിന് സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുന്നു. | മതേതരത്വം, സഹിഷ്ണുത, സാമൂഹ്യ പരിഷ്കർത്താക്കളെ കുറിച്ചുള്ള അറിവിൻ്റെ അഭാവം. | സർവ്വേ, ചർച്ച, അഭിമുഖം, ദിനാചരണങ്ങൾ നടത്തുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
# സാമൂഹ്യ ശാസ്ത്രം - HS

| | | | | | |
|---|---|---|---|---|---|
| 4.ചരിത്ര അവബോധമുള്ളതിന് | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനംനടത്തുന്നതിനുള്ള വരവ് ചിലവ് പ്രശ്നം | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക്ഫീൽഡ് ട്രിപ്പ് നടത്തുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ PTA, MPTA , സുമനസ്സുകൾ |
| 5.ജനാധിപത്യ ബോധമുള്ളവരായി വളരുക. | ജനാധിപത്യം ഭരണഘടനയോടുള്ള താല്പര്യം കുറവ്. | സ്കൂൾ പാർലമെൻറ്,പൗരബോധം , ഭരണഘടന എന്നീ പ്രവർത്തനം നടത്തുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | SS Club |
| 6.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | വീടുകളിൽ പരീക്ഷണം നടത്താനുള്ള സൗകര്യക്കുറവ്. | സാമൂഹ്യശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു. പരീക്ഷണ നിരീക്ഷണങ്ങൾ ചെയ്യുന്നു. | നവംബർ | സാമൂഹികശാസ്ത്ര അധ്യാപകർ | പിടിഎ ,എം പി ടി എ ,മാനേജ്മെൻറ് |
| 7.ഭൂപട വായന കൈവരിക്കുക. | ഗ്ലോബുകളുടെ ആഭാവം, സ്ഥലനിർണയം കണക്കാക്കുന്നതിനുള്ള അറിവ് കുറവ്. | ഭൂപടം വായന, അറ്റ്ലസ് , ഗ്ലോബുകൾ, എന്നിവ പരിചയപ്പെടുത്തുന്നു. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8.മണ്ണിനങ്ങൾ, ജലാശയങ്ങൾ, കാറ്റ് ,സമുദ്രം, പർവ്വതങ്ങൾ ഇവയെ കുറിച്ച് ഒരു ബോധ്യം ഉണ്ടാക്കുന്നതിന്. | വിവിധ പർവതങ്ങൾ, ജലാശയങ്ങൾ എന്നിവയെക്കുറിച്ചുള്ള താല്പര്യ കുറവ്. | സംവാദം ,പാനൽ ചർച്ച, വീഡിയോ പ്രദർശനം ,സിനിമ എന്നിവയെ പഠനം താല്പര്യമുള്ളതാകുന്നു. | ജനുവരി | സമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
# സാമൂഹ്യ ശാസ്ത്രം - HS

| | | | | | |
|---|---|---|---|---|---|
| 8.പ്രകൃതി സൗഹൃദം വളർത്തുന്നതിന് പ്ലാസ്റ്റിക്കിന്റെ കുറക്കുക, പേപ്പർ പേന നിർമ്മാണം, ക്ലാസിൽ ചെടികൾ നട്ടുപിടിപ്പിക്കുന്നു. | വലിച്ചെറിയുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിക്കുന്നു. | ക്ലാസ് മുറികളിൽ സ്റ്റീൽ ഫ്ലാസ്ക്, പേപ്പർ പേന നിർമ്മാണം... പ്രവർത്തി പരിചയം ക്ലാസിലൂടെ നിർമ്മിക്കുന്നു. | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ | കുട്ടികൾ , എസ് എസ് ക്ലബ് |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

ഊർജ്ജതന്ത്രം- HS

| ലക്ഷ്യം | പ്രശ്നം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| ശാസ്ത്ര ക്ലബ്ബ് രൂപീകരണത്തിലൂടെ കുട്ടികളെ ശാസ്ത്രത്തെ ഇഷ്ടപ്പെടാനുള്ള ആഗ്രഹം കൂട്ടുന്നു. സാമൂഹ്യ നന്മയ്ക്കുള്ള കണ്ടുപിടിത്തങ്ങളിലേക്ക് എത്തിക്കുന്ന ചിന്തകരാക്കുന്നു | ചിന്തിക്കാനും വായിക്കാനും ഉള്ള താല്പര്യക്കുറവ് | ശാസ്ത്രജ്ഞരുടെ ആത്മകഥ ജീവിത കഥ വായിക്കാനുള്ള സൗകര്യം സ്കൂൾ ലൈബ്രറിയിൽ ഒരുക്കുന്നു | ജൂൺ | സയൻസ് അധ്യാപകർ |
| ഊർജ്ജതന്ത്രത്തിലെ സമവാക്യങ്ങൾ എഴുതി തയ്യാറാക്കുന്നു | സമവാക്യങ്ങൾ ഓർക്കാനുള്ള ബുദ്ധിമുട്ട് | ചാർട്ട് പേപ്പറിൽ സമവാക്യങ്ങൾ എഴുതി ക്ലാസുകളിൽ ഒട്ടിക്കുന്നു | ജൂലൈ | സയൻസ് അധ്യാപകർ |
| പ്രകൃതിയിലെ ഓരോ പ്രതിഭാസങ്ങളെയും പരിചയപ്പെടുത്തുന്നു | ഓരോ പ്രതിഭാസത്തിന്റെ പിന്നിലുള്ള കാരണങ്ങളെക്കുറിച്ച് അറിവില്ലായ്മ | ഐസിടി ഉപയോഗിച്ച് വീഡിയോസ് കാണിക്കുന്നു | ഓഗസ്റ്റ് | ഊർജ്ജ തന്ത്ര അധ്യാപ |
| ശാസ്ത്രത്തെ സ്നേഹിക്കാൻ പഠിപ്പിക്കുന്നു | ശാസ്ത്ര അവബോധത്തിന്റെ കുറവ് | സയൻസ് ലാബ് ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്രത്തെ കൂടുതൽ സ്നേഹിക്കാനും മനസ്സിലാക്കാനും പഠിപ്പിക്കുന്നു | സെപ്റ്റംബർ | സയൻസ് അധ്യാപകർ |
| ശാസ്ത്ര ബോധം ഉള്ളവരായി വളരുക | ശാസ്ത്രത്തിലെ നൂതന കണ്ടുപിടിത്തങ്ങളെ കുറിച്ചുള്ള ബോധ്യ കുറവ് | സയൻസ് മാഗസിനുകൾ സ്കൂൾ ലൈബ്രറിയിൽ ലഭ്യമാക്കുക | ഒക്ടോബർ | സയൻസ് അധ്യാപകർ |
| ഊർജ്ജതന്ത്രത്തിൽ കഴിഞ്ഞ 10 വർഷം ലഭിച്ച നോബൽ സമ്മാന ജേതാക്കളെ | പത്ര വായനയുടെ അഭാവം | ഊർജ്ജതന്ത്രം അസൈമെൻറ് ആയി നൽകുന്നു. ഊർജ്ജതന്ത്രത്തിന്റെ | നവംബർ | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| പരിചയപ്പെടുത്തുന്നു | | നോബൽ സമ്മാന ജേതാക്കളെ കുറിച്ച് അന്വേഷിച്ചു കണ്ടുപിടിക്കുന്നു | | |
| പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കുന്നതിന് അതുമൂലം ഉണ്ടാകുന്ന രോഗങ്ങൾ | പ്ലാസ്റ്റിക് ഉപയോഗം വർദ്ധിക്കുന്നു | വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉപയോഗിക്കില്ല എന്ന് പ്രതിജ്ഞ ചെയ്യുന്നു. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പരമാവധി ഒഴിവാക്കുന്നു. | ഡിസംബർ | സയൻസ് അധ്യാപകർ |
| ഊർജ്ജതന്ത്രം എളുപ്പമാക്കാനുള്ള ഉപകരണങ്ങളുടെ നിർമ്മാണം | സയൻസ് ഉപകരണങ്ങളുടെ വിലവർധനവ് | ഊർജ്ജ തന്ത്ര ഉപകരണങ്ങൾ വീട്ടിലുള്ള സാധനങ്ങൾ കൊണ്ടുവന്ന നിർമ്മിക്കുന്നു | ജനുവരി | സയൻസ് അധ്യാപകർ |
| ഊർജ്ജത്തിന്റെ ഉപയോഗവും അതിനു വരുന്ന മാറ്റങ്ങളും മനസ്സിലാക്കുന്നതിന് | കുട്ടികളുടെ ഊർജ്ജം വെറുതെ പാഴാക്കുന്നു | ഐസിടി ഉപയോഗിച്ച് ഊർജത്തിന്റെ മാറ്റങ്ങളെ കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നു | ഫെബ്രുവരി | സയൻസ് അധ്യാപകർ |
| | | | | |
| | | | | |

| | HS: CHEMISTRY | ACADEMIC MASTER PLAN | | |
|---|---|---|---|---|
| No: | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| 1 | ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായ ശാസ്ത്ര അന്വേഷണത്തിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നു | ക്ലാസ്സുകളിൽ സെമിനാർ paper അവതരിപ്പിച്ചു മികച്ചത് പൊതുവേദിയിൽ അവതരിപ്പിക്കുന്നു.ശാസ്ത്ര ശില്പ ശാല സംഘടിപ്പിക്കുന്നു. കുട്ടികളുടെ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | 1 വർഷം | സയൻസ് അധ്യാപകർ |
| 2 | ഹൈ ടെക് വേൾഡ് : മാനവികതയിൽ ഊന്നിയ ശാസ്ത്ര ബോധം വളർത്തുക | ക്ലാസ്സിൽ ശാസ്ത്ര ലൈബ്രറി, ക്ലാസ്സിൽ ലാബ് എന്നിവ ക്രമീകരിക്കുന്നു. സയൻസ് ലാബ്, ഇത് ലാബ് ആധുനികരിക്കുന്നു | 1വർഷം | സയൻസ് അധ്യാപകർ |
| 3 | അത്ഭുത കണ്ണിലൂടെ : കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു | ലഘു പരീക്ഷണങ്ങൾ കുട്ടികൾ സഹപാഠികൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നുമോഡലുകൾ നിർമിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി കുട്ടികളെ കൊണ്ട് model നിർമിപ്പിക്കുന്നു. | 1വർഷം | സയൻസ് അധ്യാപകർ |
| 4. | നേരിട്ടറിയാം : പഠന യാത്രയിലൂടെ ശാസ്ത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുന്നു | Cusat, മണ്ണുത്തി, നേവൽ ബേസ് തുടങ്ങിയവ സന്ദർശിക്കുക. ശാസ്ത്രജ്ഞൻ മാരുമായി സംവദിക്കുക.പരീക്ഷണങ്ങൾ കാണുവാനും ചെയ്യുവാനും അവസരം ഒരുക്കുന്നു. | 1വർഷം | സയൻസ് അധ്യാപകർ |

| | HS BIOLOGY | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | അത്ഭുതലോകം കുട്ടികളിൽ കൗതുകവും ജിജ്ഞാസയും പരിപോഷിപ്പിക്കുക | ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെപ്രദർശനം, സയൻസ് കോർണർ ഒരിക്കൽ science മോഡലുകളുടെ നിർമ്മാണം,ലഘു പരീക്ഷണങ്ങൾ ചെയ്യിക്കൽ | 1 വർഷം | ശാസ്ത്ര അധ്യാപകർ | PTA ശാസ്ത്ര പ്രമുഖർ |
| 2 | മണ്ണിന്റെ മക്കൾ : കുട്ടികളിൽ പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക | കുട്ടികളുടെ നേതൃത്വത്തിൽ ജൈവ പച്ചക്കറി തോട്ടം നിർമിക്കുകയും പരിപാലിക്കുകയും ചെയ്യുക, അതിൽ നിന്നും ലഭിക്കുന്ന വിളവുകൾ ഉച്ചഭക്ഷണത്തിൽ ഉൾക്കൊള്ളിക്കുക . കൂടാതെ ശലഭ ഉദ്യാനം,പൂന്തോട്ടം, പച്ചമരുന്ന് തോട്ടം എന്നിവയും നിർമിക്കാം.പരിപാലിക്കാം വൃക്ഷതൈ വിതരണം, നടൽ, പരിപാലനം,മാലി | 1 വർഷം | ശാസ്ത്ര അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ | PTA കൃഷി വകുപ്പ് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ന്യ സംസ്കാരണം, ജലസംരക്ഷണം, പ്ലാസ്റ്റിക് നിരോധനം | | | |
| 3 | ആരോഗ്യമന്ത്രം :കുട്ടികളിൽ ആരോഗ്യപരമായ ജീവിത രീതി രൂപപ്പെടുത്തുക | ഡോക്ടർ / നേഴ്സ് മാരുടെ ക്ലാസ്സുകളിലൂടെ മഴക്കാലരോഗങ്ങളുടെ പ്രതിരോധ മാർഗ്ഗങ്ങൾ കുട്ടികൾക്ക് നൽകുക. നല്ല ഭക്ഷണരീതികൾ ശീലിപ്പിക്കുക. ലഹരി വിമുക്ത പരിപാടികൾ : ക്ലാസ്സ്, റാലി,തെരുവ് നാടകം പോസ്റ്റർ നിർമാണം മുതലായവ നടത്തുന്നു.പ്രതിരോധ കുത്തിവയ്പ്പുകൾ, പരിശോധനകൾ,രക്ത ദാനം, കേശ ദാനം നടത്തുക. | 1 വർഷം | ശാസ്ത്ര അധ്യാപകർ ഹെൽത്ത് സെന്റർ, രക്ഷിതാക്കൾ, | PTA മാനേജ്മെന്റ് |
| 4 | നേരിട്ടറിയാം : പഠനയാത്രയിലൂടെ ശാസ്ത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുക | കുസാറ്റ്, മണ്ണുത്തി, നേവൽ ബേസ്, ബോട്ടാനിക്കൽ ഗാർഡൻ എന്നീ വിവിധ ശാസ്ത്ര കാർഷിക പ്രധാനമായ സ്ഥലങ്ങളുടെ സന്ദർശനം നടത്തുകയും | 1 വർഷം | ശാസ്ത്ര അധ്യാപകർ | PTA അധ്യാപകർ മാനേജ്മെന്റ് രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | അവിടത്തെ ക്ലാസ്സുകളിൽ പങ്കെടുക്കുകയും പ്രഗത്ഭരായ ശാസ്ത്രജ്ഞൻ മാരോട് നേരിട്ട് സംവദിക്കാൻ അവസരം ഒരുക്കുകയും ചെയ്യുക. പരീക്ഷണങ്ങൾ കാണുവാനും ചെയ്യുവാനും അവസരം ഒരുക്കുകയും ചെയ്യുന്നു. | | | |
| | | | | | |
| 5 | മാറ്റുരക്കൽ : കുട്ടികളുടെ നേട്ടങ്ങളുടെ വിലയിരുത്തൽ | ക്വിസ്, MCQ ചോദ്യവലി, വൈവ, യൂണിറ്റ് ടെസ്റ്റുകൾ, പരീക്ഷകൾ എന്നിവയിലൂടെ ഓരോ പാഠത്തിന് ശേഷവും ആഴ്ചയിലൊരിക്കൽ, മാസത്തിലൊരിക്കൽ എന്നീ തവണകളായി കുട്ടികൾക്ക് നേടിയ ശേഷികളുടെ വിലയിരുത്തൽ നടത്തുകയും രക്ഷിതാക്കലുമായി ഇടയ്ക്ക് കൂടി | 1 വർഷം | ശാസ്ത്ര അധ്യാപകർ | മാനേജ്മെന്റ് PTA |

| | | | | | |
|---|---|---|---|---|---|
| | | കാഴ്ച്ച നടത്തി കുട്ടികളുടെ ശാസ്ത്ര പുരോഗതി ഉറപ്പു വരുത്തുകയും ചെയ്യുക. | | | |
| | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## HS- MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | work sheet നൽകി മുന്നറിവ് പരിശോധിക്കുന്നു. Worksheet, Quiz,സംഖ്യാ കാർഡ് എന്നിവ നൽകി കുട്ടികളുടെ അടിസ്ഥാന ക്രിയാ ശേഷികൾ ഉറപ്പിക്കുന്നു | JUNE | ഗണിത അധ്യാപകർ | PTA |
| ഗണിതത്തിലെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് നൈപുണികൾ പരിചയപ്പെടുത്തുന്നു | ഗണിത വർക്ക് ഷോപ്പ് ഗണിതവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ, ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | JULY | ഗണിത അധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ | |
| ഗണിത പഠനം സുഗമമാക്കാൻ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകൾ,ജിയോജിബ്ര,PHet, A I സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ഗണിത പഠനം രസകരവും ആകർഷകവും ആക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## HS- MATHS

| | | | | |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ. | ഗണിത ലാബ് മെച്ചപ്പെടുത്തുന്നു ഗണിത ആശയങ്ങളുമായി ബന്ധപ്പെട്ട കുട്ടികളും അധ്യാപകരും ചേർന്ന് നിർമ്മിച്ച Working model, still model തുടങ്ങിയവ ക്രമീകരിച്ച് ലാബ് വിപു ലീകരിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകർ, വിദ്യാർത് ഥികൾ.. | PTA |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിത പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്നവരായ വിദ്യാർത്ഥികളും ചേർന്ന് പോരായ്മകൾ കണ്ടെത്തി രക്ഷിതാക്കളുടെ സഹകരണത്തോടെ പഠന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | സബ്ജക്ട് കൗൺസിൽ വിദ്യാർത്ഥികൾ. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## HS- MATHS

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ദിനാചരണങ്ങൾ. ഓണം, രാമാനുജൻ ജന്മദിനം തുടങ്ങിയ ഗണിത ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് പൂർത്തീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ഗണിത ക്ലബ്ബ് | PTA |
| ഗണിതത്തിലെ താൽപര്യങ്ങൾ കണ്ടെത്തുന്നു പരിചയപ്പെടുത്തുന്നു. | ടാൻഗ്രാം സുഡോക്കു,ഗണിത കളികൾ എന്നിങ്ങനെ ഗണിതത്തിലെ രസകരങ്ങളായ പ്രവർത്തനങ്ങൾ കണ്ടെത്തി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ഗണിത അധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ | |
| ഗണിത വിജ്ഞാനം വളർത്തുക. | മാസംതോറും ഗണിത ക്വിസ് സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ഗണിത അധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ | |